**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നമ്പർ : 618** **09.07.2013-ൽ മറുപടിക്ക്.**

# പോലീസിന്റെ സേവനം നിക്ഷ്പക്ഷമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിൽ നിന്നും നിക്ഷ്പക്ഷ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | : | (എ) പോലീസ് സ്റ്റേഷനുകളിൽ നിക്ഷ്പക്ഷമായ സേവനമാണ് പൊതുജനങ്ങൾക്ക് നൽകിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സംവിധാനങ്ങൾ പോലീസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ വരുന്ന പൊതുജനങ്ങൾക്ക് സൗഹൃദ അന്തരീക്ഷത്തിൽ പരാതികൾ രേഖപ്പെടുത്തുന്നതിനും, വിവരങ്ങൾ അറിയുന്നതിനുമായുള്ള ICT Enabled Help Desks (Information and Communication Technology) കേരളത്തിലെ ഏതൊരു പോലീസ് സ്റ്റേഷനുകളിലും നൽകിയ പരാതിയുടെ ഏറ്റവും പുതിയ അവസ്ഥ പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള ടച്ച് സ്ക്രീൻ കിയോസ്ക്കുകൾ, കുറ്റവാളികളെക്കുറിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കുന്നതിനും അവരെ കണ്ടെത്തുന്നതിനുമായുള്ള CCTNS പദ്ധതി, ഭരണവിഭാഗം മെച്ചപ്പെടുത്തുന്നതിനായുള്ള iAPS (Internal Administrative Processing System), ജനസേവന കേന്ദ്രത്തിലൂടെ പരാതി നൽകുന്നതിനുള്ള സംവിധാനം, ഇലക്ട്രോണിക് ബീറ്റ് സംവിധാനം എന്നിവ ആധുനിക വിദ്യയിലധിഷ്ഠിതമായി പോലീസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പോലീസ് സേവനം ജനങ്ങളിലെത്തിക്കാൻ കൂടുതൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമ്പോഴും പരാതി നല്കിയാൽ അതിന് രസീതും അതിന്മേൽ അന്വേഷണവും ഇല്ലാത്ത അവസ്ഥ ഇപ്പോഴും നിലനില്ക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (ബി) പരാതികൾ നൽകുന്നവർക്ക് കൈപ്പറ്റി രസീത് നൽകാറുണ്ട്. ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയും പരാതിയുടെ നിജസ്ഥിതി ബോധ്യപ്പെട്ടാൽ അതിന്മേൽ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് കൂടുതൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

(മറുപുറം)

(സി) ഉടനടി സേവനം ലഭ്യമാക്കേണ്ട കൺട്രോൾ റൂമുകളിലേയ്ക്ക് വിളിക്കുമ്പോൾ അലംഭാവത്തോടെയുള്ള പ്രതികരണം ഉണ്ടാകുന്നത് ഒഴിവാക്കാൻ കൺട്രോൾ റൂമുകളുടെ പരിമിതികൾ പരിഹരിച്ചുകൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

: (സി) കൺട്രോൾ റൂമുകളിലേയ്ക്ക് വരുന്ന എല്ലാ കോളുകളിന്മേലും ഉടനടി നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ഇത്തരം കോളുകൾ എല്ലാം തന്നെ റിക്കാർഡ് ചെയ്യപ്പെടുകയും അവയുടെ പ്രാധാന്യം കണക്കിലെടുത്ത് ഉടൻ തന്നെ പട്രോളിംഗ് ഡ്യൂട്ടിയിലുള്ള പോലീസുദ്യോഗസ്ഥരെ പ്രസ്തുത വിവരം അറിയിക്കുകയും അവർ സംഭവ സ്ഥലത്തെത്തി സാധ്യമായ നിയമ സഹായം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറെയും ഇക്കാര്യം അറിയിച്ച് കൂടുതൽ നിയമ സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ